## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1094

20/03/2012-ൽ മറുപടിയ്ക്ക്

### അവാർഡ് തുക പട്ടയ ഉടമയ്ക്കു നൽകുന്നതിലെ കാലതാമസം

**ചോദ്യം**

**ശ്രീമതി. ഇ. എസ്. ബിജിമോൾ**

കുറ്റിയാർ ഡൈവേർഷൻ സ്കീമിനുവേണ്ടി ഇടുക്കി ജില്ലയിലെ വാഗമൺ വില്ലേജിലെ സർവ്വേ 932-ൽപ്പെട്ട 2.22 ഏക്കർ സ്ഥലം ശ്രീ. ചാണ്ടി ചാണ്ടി എന്നയാളിൽ നിന്നും പൊന്നുംവിലയ്ക്ക് മുൻകൂറായി ഏറ്റെടുത്തതിന്റെ നഷ്ടപരിഹാരം നൽകുവാൻ ബഹു. ഹൈക്കോടതി ഉത്തരവു നൽകിയിട്ടും അവാർഡ് തുക പട്ടയ ഉടമയ്ക്കു നൽകുവാൻ കാലതാമസമുണ്ടാകുന്നത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**(റവന്യൂ വകുപ്പ് മന്ത്രി)**

ഇടുക്കി ജില്ലയിൽ കുറ്റിയാർ ഡൈവേർഷൻ സ്കീം നടപ്പിലാക്കുന്നതിനായി 1990-ൽ ശ്രീ. ചാണ്ടി ചാണ്ടി ഉൾപ്പെടെ 11 ഭൂവുടമകളിൽ നിന്നും ഭൂമി പൊന്നുംവില നിയമപ്രകാരം മുൻകൂറായി കൈവശത്തിൽ എടുത്തിരുന്നു. ഈ പൊന്നുംവില നടപടിയുടെ കരട് പ്രഖ്യാപനം അംഗീകരിക്കുന്ന സന്ദർഭത്തിൽ പട്ടയങ്ങൾ പരിശോധിച്ചപ്പോൾ ആയത് വ്യാജമാണെന്ന് സംശയം ഉണ്ടായ സാഹചര്യത്തിൽ കരട് പ്രഖ്യാപനം തടഞ്ഞു വയ്ക്കുകയും 11 ഭൂവുടമകളുടെയും പട്ടയം പരിശോധിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയുമുണ്ടായി. എന്നാൽ ഇതിനിടയിൽ ഭൂവുടമകൾ വിവിധ കേസുകൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്യുകയും 2009-ൽ ടി കേസുകളിൽ ഉണ്ടായ വിധികളുടെ അടിസ്ഥാനത്തിൽ പട്ടയ പരിശോധന പൂർത്തിയാക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനും സബ് കളക്ടർ, ഇടുക്കിയെ ചുമതലപ്പെടുത്തി.

സബ് കളക്ടർ, ഇടുക്കി പട്ടയ പരിശോധന വേഗത്തിൽ പൂർത്തിയാക്കുകയും 11 പേരുടേയും പട്ടയം വ്യാജമാണെന്ന് കണ്ടെത്തുകയും

ചെയ്തു. ഭൂമി ഏറ്റെടുത്ത സമയത്ത് തയ്യാറാക്കിയ ചമയങ്ങളുടേയും ദേഹണ്ഡങ്ങളുടേയും വില 1958-ലെ കേരള കോമ്പൻസേഷൻ ഫോർ ടെനന്റ് ഇംപ്രൂവ്മെന്റ് ആക്ട് പ്രകാരം 1990-ൽ തയ്യാറാക്കിയ ചമയങ്ങളുടെ വിലയ്ക്ക് ആദ്യവർഷത്തിന് 9% വും പിന്നീടുള്ള വർഷങ്ങൾക്ക് 15% ഉം പലിശ കണക്കാക്കി ശ്രീ. ചാണ്ടി ചാണ്ടി ഉൾപ്പെടെ 11 പേരുടേയും നഷ്ടപരിഹാരം നിശ്ചയിച്ച് 10-02-2012-ൽ സബ് കളക്ടർ, ഇടുക്കി നടപടിക്രമം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

സബ് കളക്ടറുടെ ഈ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകുന്നതിന് അർത്ഥനാധികാരിയായ പ്രോജക്ട് മാനേജർ കെ. എസ്. ഇ. ബി. ഇടുക്കി അഗ്മെന്റേഷൻ മൂലമറ്റത്തിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ